**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3723** **15-07-2022 - ൽ മറുപടിയ്ക്ക്**

**നിയോജക മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിവരങ്ങളും നടപടി ക്രമങ്ങളും ഉത്തരവുകളും യഥാസമയം ബന്ധപ്പെട്ട സാമാജികരെ അറിയിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്; ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് തുടർ ഉത്തരവുകളും നടപടികളും സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്; ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | എങ്കിൽ ഉത്തരവുകളുടെ പകർപ്പും സ്വീകരിച്ച നടപടികളും അറിയിക്കാമോ? | (സി) | ഉണ്ട്; ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

52. *സർക്കുലർ നമ്പർ 1294/എ2/07/പാ.കാ.വ. തീയതി 7-6-2008-ന്റെ പകർപ്പ്*

വിഷയം:—നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിജസ്ഥിതി യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടേയും മറ്റും നിജസ്ഥിതി യഥാസമയങ്ങളിൽ സ്ഥലം എം.എൽ.എ.മാരെ അറിയിക്കുന്നതിലും വിവിധ പ്രോജക്ടുകളുടെ ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ ഉൾപ്പെടെയുള്ള സർക്കാർ ഉത്തരവുകളുടേയും കത്തുകളുടേയും കോപ്പികൾ എം.എൽ.എ.മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിലും വീഴ്ച സംഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും എങ്കിൽ ഇവ യഥാസമയം ലഭ്യമാക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ എന്നും ഉള്ള 6-7-2007-ലെ 2414-ാം നമ്പർ നിയമസഭാ ചോദ്യത്തിന് മറുപടിയായി, ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ബഹു. മുഖ്യമന്ത്രി രേഖാമൂലം മറുപടി നൽകിയിരുന്നു.

2. നിയമസഭയ്ക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടേയും നിജസ്ഥിതി സ്ഥലം എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.യ്ക്ക് കൂടി നൽകണമെന്നും ഇതിനാൽ എല്ലാ വകുപ്പുകളോടും നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകൾ അവരുടെ കീഴിലുള്ള വകുപ്പ് തലവൻമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

പി. ജെ. ജോസഫ്,

*ചീഫ് സെക്രട്ടറി.*

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

പൊതുഭരണ (ഏകോപന) വകുപ്പ്

നമ്പർ. 77369/സി.ഡി.എൻ.4/11/പൊ.ഭ.വ. തിരുവനന്തപുരം, തീയതി, 21-11-2011.

## സർക്കുലർ

വിഷയം :- നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 07-05-2008-ലെ പാർലമെന്ററികാര്യ (എ) വകുപ്പിൽനിന്നുള്ള 1294/എ2/07/പാ.കാ.വ. നമ്പർ സർക്കുലർ.

------------

ഓരോ നിയോജക മണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച നടപടിക്രമങ്ങൾ ജനപ്രതിനിധികളെ യഥാസമയം അറിയിക്കാതെ ഉദ്യോഗസ്ഥതലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിനാൽ പല പദ്ധതികളും നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്നും ഫണ്ടുകൾ ലാപ്സായി തീരുന്നുവെന്നും ഇത്തരത്തിലുണ്ടാകുന്ന കാലതാമസം ജനപ്രതിനിധികൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ജനങ്ങൾക്കിടയിൽ അവമതിപ്പുണ്ടാക്കുന്ന സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവിധ വകുപ്പുതലങ്ങളിൽനിന്നും ഇറങ്ങുന്ന ഉത്തരവുകളുടെയും കത്തുകളുടെയും പകർപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാകുന്നതുപോലെ തന്നെ ജനപ്രതിനിധികൾക്കും ലഭ്യമാകുന്നതിനു വേണ്ട അടിയന്തിര നിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകണമെന്നഭ്യർത്ഥിച്ച് ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ. 17-10-2011-ന് ഉന്നയിച്ച നിയമസഭാ നടപടി ചട്ടം 304 അനുസരിച്ചുള്ള സബ്മിഷന് മറുപടിയായി, വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കുമെന്നും സൂചനയിലെ സർക്കുലർ കർശനമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമെന്നും ബഹു: മുഖ്യമന്ത്രി സഭയ്ക്ക് ഉറപ്പു നൽകിയിരുന്നു.

വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി, സ്ഥലം എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.യ്ക്ക്/എം.എൽ.എ.മാർക്കുകൂടി നൽകണമെന്നും സൂചനയിലെ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ബന്ധപ്പെട്ട വകുപ്പുകളോട് അവരുടെ കീഴിലുള്ള വകുപ്പുതലവന്മാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

(..............2)

നിയമസഭയ്ക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സൂചനയിലെ ഉത്തരവ് നടപ്പിലാക്കുന്ന കാര്യത്തിൽ വകുപ്പുകളും/വകുപ്പുതലവന്മാരും സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും; ഓരോ നിയോജകമണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ബന്ധപ്പെട്ട എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കണമെന്നും ഇതിനാൽ എല്ലാ വകുപ്പുകളോടും/വകുപ്പുതലവന്മാരോടും കർശനമായി നിർദ്ദേശിക്കുന്നു.

ഡോ. പി. പ്രഭാകരൻ
ചീഫ് സെക്രട്ടറി

എല്ലാ നിയമസഭാ സാമാജികർക്കും (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/ അണ്ടർ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുതലവന്മാർക്കും (സർക്കുലർ അതത് വകുപ്പിനുകീഴിലുള്ള എല്ലാ ഓഫീസുകളിലും എത്തിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്)
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, പൊതുഭരണം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചാരണത്തിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)
പാർലമെന്ററികാര്യ (എ) വകുപ്പിന് (അറിവിലേയ്ക്കായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു: മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ/പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പു സെക്രട്ടറിയുടെ പി.എ.യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

സെക്ഷൻ ഓഫീസർ

1161.

## കേരള സർക്കാർ

**പൊതുഭരണം - നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച നടപടിക്രമങ്ങളും ബന്ധപ്പെട്ട ഉത്തരവുകളും യഥാസമയം എം.എൽ.എ മാരെ അറിയിക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പൊതുഭരണ (ഏകോപന) വകുപ്പ്

സ.ഉ. (എം.എസ്)നം. 142/12/പൊ.ഭ.വ തീയതി, തിരുവനന്തപുരം, 11/06/2012.

പരാമർശം- 1) 07.05.2008-ലെ പാർലമെന്ററി കാര്യ (എ) വകുപ്പിൽ നിന്നുള്ള 1294/എ 2/07/പാ.ക.വ നമ്പർ സർക്കുലർ.

2) 21.11.2011-ലെ പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നുള്ള 77369/സി.ഡി.എൻ.4/11/പൊ.ഭ.വ നമ്പർ സർക്കുലർ.

### ഉത്തരവ്

വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി, സ്ഥലം എം.എൽ.എമാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ യ്ക്ക്/എം.എൽ.എ മാർക്കുകൂടി നൽകണമെന്നും സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

17.10.2011-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ ഉന്നയിച്ച സബ്മിഷനിൽ ഇത്തരത്തിൽ ഇറങ്ങുന്ന ഉത്തരവുകളുടെയും കത്തുകളുടെയും പകർപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുന്നതുപോലെ ജനപ്രതിനിധികൾക്കു കൂടി ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തിര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഈ സബ്മിഷനിലെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ, സൂചന (1)-ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും ഓരോ നിയോജക മണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ബന്ധപ്പെട്ട എം.എൽ.എമാരെ സമയബന്ധിതമായി അറിയിക്കണമെന്നും എല്ലാ വകുപ്പു കൾക്കും/വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം സൂചന (2) പ്രകാരം നൽകിയിരുന്നു.

സൂചനയിലെ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകൾ ഗുരുതരമായ വീഴ്ച വരുത്തുന്നതായി വീണ്ടും നിയമസഭാ സാമാജികർ പരാതികൾ ഉന്നയിച്ച സാഹചര്യത്തിൽ, ടി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും/ വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ. ജ്യോതിലാൽ
സെക്രട്ടറി

എല്ലാ നിയമസഭാ സാമാജികർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരളാ നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/അണ്ടർ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പുതലവന്മാർക്കും (ഉത്തരവ് അതത് വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും എത്തിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.)
സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം, പൊതുഭരണം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ( വിപുലമായ പ്രചാരണത്തിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് , സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പാർലമെന്ററി കാര്യ വകുപ്പിന് (ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുവെന്ന് നിരീക്ഷിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: - ബഹു: മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ/പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ബഹു: സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു: ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു: പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ സെക്രട്ടറിയുടെ പി.എ. യ്ക്ക്
പൊതുഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്

1949570/2017/OS-PAD

കേരള സർക്കാർ

പാ.കാ.വ-എ 2/205/2017/പാ.കാ.വ

പാർലമെന്ററികാര്യ (എ) വകുപ്പ്

തിരുവനന്തപുരം

തീയതി : 23.10.2017.

**സർക്കുലർ**

വിഷയം : നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിജസ്ഥിതി യഥാസമയം എം.എൽ.എ മാരെ അറിയിക്കുന്നത് - നിർദ്ദേശങ്ങൾ - സംബ

സൂചന : 1. 7.06.2008-ലെ സർക്കുലർ നമ്പർ 1294/എ 2/2007/പാ.കാ.വ
2. 21.11.11-ലെ പൊതുഭരണ(ഏകോപന) വകുപ്പിൽ നിന്നുള്ള 77369/സി.ഡി.എൻ4/11/പൊ.ഭ.വ നമ്പർ സർക്കുലർ
3. 11.6.2012-ലെ സ.ഉ(എം.എസ്) 142/2012/പൊ.ഭ.വ

വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി സ്ഥലം എം.എൽ.എ മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എയ്ക്ക് നൽകണമെന്നും എല്ലാ വകുപ്പുകൾക്കും സൂചന(1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സൂചന(1)-ലെ നിർദ്ദേശങ്ങൾ പാലിക്കുന്ന കാര്യത്തിൽ വകുപ്പുകൾ ഗുരുതര വീഴ്ച വരുത്തുന്നതായി നിയമസഭാ സാമാജികർ പരാതി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ, സൂചന(1) സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും കർശന നിർദ്ദേശം നൽകി സൂചന(3) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ ഈ നിർദ്ദേശങ്ങൾ നിലനിൽക്കുമ്പോഴും നിയമസഭാ സാമാജികരുടെ നിയോജക മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/തീരുമാനങ്ങൾ ലഭ്യമാക്കുന്നില്ല എന്ന് നിയമസഭാ സാമാജികരുടെ പരാതിയുടെ അടിസ്ഥാനത്തിൽ, സൂചനയിലെ സർക്കുലർ/ഉത്തരവിലെ നിർദ്ദേശം കർശനമായും പാലിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യ വിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും കർശന നിർദ്ദേശം നൽകുന്നു.

ഡോ. കെ. എം. എബ്രഹാം
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരള നിയമസഭ (ആമുഖകത്ത് സഹിതം)
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും (ഉത്തരവ് അതത് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും എത്തിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്)
നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ